ഉത്തരം

(എ) ഉണ്ട്.

(ബി) മെമ്മോറാണ്ഡത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്. *

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

ശ്രീകാര്യം ഗവൺമെന്റ് അപ്പർ പ്രൈമറിസ്കൂൾ ഹൈസ്കൂൾ ആക്കാൻ നടപടി

935 [1122] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ :

(എ) ഗവൺമെന്റ് എൽ. പി. സ്കൂളുകൾ യു. പി. സ്കൂളായും യു. പി. സ്കൂളുകൾ ഹൈസ്കൂളായും അപ്ഗ്രേഡ് ചെയ്യുന്നതിന് സ്പോൺസറിംഗ് കമ്മിറ്റികൾ പാലിക്കേണ്ട വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(ബി) 1985-ൽ ഇത്തരം വ്യവസ്ഥകൾക്ക് വിധേയമായി എത്ര യു. പി. സ്കൂളുകളാണ് ഹൈസ്കൂളുകളായി അപ്ഗ്രേഡ് ചെയ്തത്.

(സി) ശ്രീകാര്യം ഗവൺമെന്റ് യു. പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) കേരള വിദ്യാഭ്യാസ നിയമ പ്രകാരം എൽ. പി. സ്കൂളിനും എൽ. പി. ഇല്ലാത്ത യു. പി. സ്കൂളിനും ഒരേക്കർ സ്ഥലവും എൽ. പി. വിഭാഗം ഉള്ള യു. പി. സ്കൂളിന് ഒന്നര ഏക്കർ സ്ഥലവും ഹൈസ്കൂളിന് മൂന്നേക്കർ സ്ഥലവും ആവശ്യമാണ്. സർക്കാർ സ്കൂളുകൾ, അപ്ഗ്രേഡ് ചെയ്യുന്നതിനും പുതിയ സർക്കാർ സ്കൂളുകൾ അനുവദിക്കുന്നതിനും മേൽ പറഞ്ഞ നിബന്ധനകൾ ബാധകമാണ്. ഒരു പൊതുനയം എന്ന നിലയിൽ ഗവൺമെന്റു സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ പുതിയവ തുടങ്ങുന്നതിനോ ബന്ധപ്പെട്ട സ്പോൺസറിംഗ് കമ്മിറ്റികൾ ആവശ്യമായ സ്ഥലവും കെട്ടിടവും ഫർണിച്ചർ തുടങ്ങിയവയും നൽകണമെന്ന് 10-9-84-ൽ ജി. ഒ. എം. എസ്. 908/84/പൊ. വി. പ്രകാരം നിർദ്ദേശിക്കുന്നുണ്ട്. ഗവൺമെന്റു ഭൂമിയുള്ള സ്ഥലങ്ങളിൽ സ്കൂളിനു കൈ മാറേണ്ട സ്ഥലത്തിന്റെ മാർക്കറ്റ് വില സ്പോൺസറിംഗ് കമ്മിറ്റികൾ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഒരു യു. പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

(സി, ഡി) 6-7-84-ലെ ജി. ഒ. എം. എസ്. 124/84/പൊ. വി. പ്രകാരം ശ്രീകാര്യം ഗവൺമെന്റ് യു. പി. സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly